ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ.ജെ2 /6002 /2026 / മെ.വി.വ.** **തീയതി: 19-08-2026**

**സർക്കുലർ**

വിഷയം : മെ.വി.വ -ജീവനക്കാര്യം- KSR Part I appendix XIIA / XIIC എന്നിവ പ്രകാരമുള്ള ശൂന്യ വേതന അവധിക്ക് ശേഷം തിരികെ ജോലിയിൽ പ്രവേശിക്കാതെ അനധികൃത അവധിയിൽ തുടരുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ - സംബന്ധിച്ച്

സൂചന : 1. സ.ഉ.(അച്ചടി) നം.55/2020/ ആകുവ തീയതി : 16.09.2020

2. സർക്കുലർ നം.83/2020/ധന തീയതി : 30. 12.2020

സർക്കാർ ജീവനക്കാർക്ക് സർവീസ് കാലയളവിൽ കേരള സർവീസ് ചട്ടങ്ങൾ (KSR) ഭാഗം I, അനുബന്ധം XIIA/XIIC എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കാവുന്ന പരമാവധി ശൂന്യവേതനാവധി (Leave Without Allowance) കാലയളവ് അഞ്ച് വർഷമായി നിജപ്പെടുത്തിയും, അനുവദിച്ച അവധി കാലയളവ് പൂർത്തിയായശേഷവും സേവനത്തിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി തുടരുന്ന ജീവനക്കാർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയും പരാമർശം ( 1 ) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

എന്നാൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ, ഡെന്റൽ, നഴ്സിംഗ്, പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും KSR Part I Appendix XIIA/XIIC പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്ന ജീവനക്കാർ, പ്രത്യേകിച്ച് നഴ്സിംഗ് വിഭാഗം ജീവനക്കാരും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലെ ഡോക്ടർമാരും, അനുവദിച്ച അവധി കാലാവധി പൂർത്തിയായശേഷം യഥാസമയം സേവനത്തിൽ തിരികെ പ്രവേശിക്കാത്ത പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

അതിനാൽ, KSR Part I Appendix XIIA/XIIC എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിക്കപ്പെട്ടിട്ടുള്ളതും, നിശ്ചിത അവധി കാലയളവ് പൂർത്തിയായശേഷവും സേവനത്തിൽ തിരികെ പ്രവേശിക്കാത്തതുമായ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെയും ടെക്നിക്കൽ, നോൺ-ടെക്നിക്കൽ വിഭാഗങ്ങളുൾപ്പെടെയുള്ള എല്ലാ ജീവനക്കാരുടെയും കാര്യത്തിൽ ചുവടെപ്പറയും പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. KSR Part I Appendix XIIA / XIIC എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ ഒരു ഉദ്യോഗസ്ഥന് സർവീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതനാവധി കാലയളവ് പരമാവധി അഞ്ചു(05) വർഷമാണ്.
2. ശൂന്യവേതനാവധിക്കായി ലഭിക്കുന്ന അപേക്ഷകളിൽ പുതുതായി 5 വർഷത്തേയ്ക്ക് അവധി അനുവദിക്കുകയോ സർവ്വീസ് കാലയളവിൽ ആകെ അവധി 5 വർഷം വരെ ദീർഘിപ്പിക്കുകയോ ചെയ്ത കേസുകളിൽ തുടർന്ന് അവധി ദീർഘിപ്പിക്കുന്നതല്ല.
3. അനുവദിച്ച ശൂന്യവേതനാവധി കാലയളവ് അവസാനിച്ച ഉടൻ, അല്ലെങ്കിൽ സർവീസ് കാലയളവിൽ അനുവദിക്കാവുന്ന പരമാവധി അഞ്ച് വർഷത്തെ അവധി കാലയളവ് പൂർത്തിയായശേഷം, സേവനത്തിൽ തിരികെ പ്രവേശിക്കാത്ത ജീവനക്കാർക്കെതിരെ KSR Part I Appendix XIIA Rule 9/Appendix XIIC Rule 10 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.
4. ഈ സർക്കുലർ പുറപ്പെടുവിച്ചതിന് ശേഷവും അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുന്ന ജീവനക്കാർക്കെതിരെ കേരള സർവീസ് ചട്ടങ്ങളിലെയും 1960 ലെ കേരള

സിവിൽ സർവീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സർവീസിൽ നിന്നും പിരിച്ചു വിടുകയോ നീക്കം ചെയ്യുകയോ അടക്കമുള്ള നടപടികളും സ്വീകരിക്കുന്നതാണ്. മേൽ പ്രകാരം അവധികഴിഞ്ഞും സേവനത്തിൽ പ്രവേശിക്കാത്ത ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ അതാത് വകുപ്പ്/ സ്ഥാപന മേധാവികൾ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും കർശനമായി പാലിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ്/സ്ഥാപന മേധാവികൾ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

Digitally signed by
VISWANATHAN K V
Date: 19-08-2026
06:05:27

Dr Viswanathan K V
DIRECTOR

പകർപ്പ്:

1. എല്ലാ മെഡിക്കൽ / ഡെന്റൽ കോളേജ് പ്രിൻസിപ്പൽമാർ (നഴ്സിംഗ് / സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് (ശൂന്യ വേതന അവധിയിൽ പ്രവേശിച്ചവർ ഉൾപ്പെടെ) വിതരണം ചെയ്യുന്നതിനായി)
2. എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടുമാർ (നഴ്സിംഗ് / സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് (ശൂന്യ വേതന അവധിയിൽ പ്രവേശിച്ചവർ ഉൾപ്പെടെ) വിതരണം ചെയ്യുന്നതിനായി)
3. ഡി.എം.ഇ / ജെ.ഡി.എം.ഇ (എം) / ജെ.ഡി.എം.ഇ (ജി) / ജെ.ഡി.എൻ.ഇ / സ്പെഷ്യൽ ഓഫീസർ / സീനിയർ എ.ഒ യുടെ സി എ ക്ക്
4. എ.സി.ഒ I / II, എ എ I / II / III
5. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർ, ഡി.എം.ഇ